©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ആഗസ്റ്റ് 3<br>3rd August 2021<br>1196 കർക്കടകം 18<br>18th Karkadakam 1196<br>1943 ശ്രാവണം 12<br>12th Sravana 1943 | നമ്പർ<br>No. | **31** |

# PART IV

# Private Advertisements and Miscellaneous Notifications

## ചേർത്തല നഗരസഭ

### വിജ്ഞാപനം

നമ്പർ UPA-14979/2016. 2021 ഫെബ്രുവരി 15.

കേരള തെരുവ് കച്ചവട ചട്ടം (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവടനിയന്ത്രണവും) സ.ഉ (പി) നമ്പർ/2018/15.തസ്വ ഭവ തീയതി 12-3-2018 അദ്ധ്യായം 2, ചട്ടം (5) പ്രകാരം ചേർത്തല നഗരസഭയിലെ നഗരകച്ചവട സമിതിയിലേക്കുള്ള തെരുവ് കച്ചവടക്കാരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടി തിരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. തെരുവ് കച്ചവട നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിരിക്കുന്ന ചുമതലകൾ, കൂടാതെ തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവും പുനരധിവാസവും ആണ് നഗരകച്ചവട സമിതിയുടെ ചുമതല.

(ഒപ്പ്)
സെക്രട്ടറി.

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും നഗരങ്ങളിലെ തെരുവ് കച്ചവടം ബാഹ്യശക്തികളെ ഒഴിവാക്കി നഗരസഭകളുടെ നിയന്ത്രണത്തിലേക്ക് കൊണ്ടുവരുന്നതിനുമായി 2014 ഇന്ത്യൻ പാർലമെന്റ് തെരുവു കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) നിയമം പാസാക്കുകയുണ്ടായി. ഈ നിയമം വിഭാവനം ചെയ്യുന്ന തനുസരിച്ച് സംസ്ഥാന സർക്കാർ 2018 മാർച്ച് 12-ാം തീയതിയിൽ തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടം വിജ്ഞാപനം ചെയ്യുകയുണ്ടായി. തെരുവ് കച്ചവടക്കാരുടെ ക്ഷേമവും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനും, പുനരധിവാസത്തിനും, തെരുവ് കച്ചവട നിയമവും ചട്ടവും നടപ്പിലാക്കുന്നതിനും വേണ്ടിയാണ് നഗരസഭാ തലത്തിൽ നഗരകച്ചവട സമിതി നിലവിൽ വന്നിട്ടുള്ളത്. തെരുവ് കച്ചവട ചട്ടം അദ്ധ്യായം 2 ചട്ടം (5) പ്രകാരം പ്രസ്തുത സമിതിയിലേക്ക് തെരുവ് കച്ചവടക്കാരുടെ 9 പ്രതിനിധികളെ തിരഞ്ഞെടുപ്പിലൂടെ കണ്ടെത്തേണ്ടതുണ്ട്. ആയതിൻപ്രകാരം ചേർത്തല നഗരസഭയിലെ നഗരകച്ചവട സമിതി രൂപീകരിക്കുന്നതിന് തെരുവ് കച്ചവട പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനായി തിരഞ്ഞെടുപ്പ് നടത്തുവാൻ നഗരസഭ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---

## കോട്ടയം നഗരസഭ

### വിജ്ഞാപനം

പി.ഡബ്ല്യു4/പി.ഡബ്ല്യു7-29655/16. 2021 മേയ് 5.

കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് 2016 സെക്ഷൻ 50 (1) പ്രകാരം കോട്ടയം നഗരത്തിന്റെ നാഗമ്പടം DTP Scheme സോണിംഗ് റെഗുലേഷനുകളുടെ കരട് പ്രസിദ്ധീകരിച്ചുകൊണ്ടുള്ള നോട്ടീസ്.

കോട്ടയം മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ച നാഗമ്പടം DTP Scheme സോണിംഗ് റെഗുലേഷനുകളുടെ കരട് കോട്ടയം നഗരസഭയുടെ www.kottayammunicipality.lsgkeralago.in. എന്ന വെബ്സൈറ്റിൽ ടൗൺ കൺട്രി പ്ലാനിംഗ് ആക്ട് 2016 സെക്ഷൻ 46 (2)-ന് അനുസൃതമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മാറ്റം വരുത്തിയ കോട്ടയം നഗരസഭ നാഗമ്പടം DTP Scheme സോണിംഗ് റെഗുലേഷനുകളുടെ കരട് വെബ്സൈറ്റിൽ പൊതുജനങ്ങൾക്ക് നഗരസഭ കാര്യാലയത്തിൽ പ്രവൃത്തി സമയങ്ങളിൽ പരിശോധിക്കാവുന്നതാണ്. നാഗമ്പടം DTP Scheme സോണിംഗ് റെഗുലേഷനുകളുടെ കരട് സംബന്ധിച്ച് അഭിപ്രായങ്ങളും ആക്ഷേപങ്ങളും ഉണ്ടെങ്കിൽ ആയത് കരട് സോണിംഗ് റെഗുലേഷൻ പ്രസിദ്ധീകരിച്ചു കൊണ്ടുള്ള നോട്ടീസ് സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ 60 ദിവസത്തിനുള്ളിൽ കോട്ടയം നഗരസഭാ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

Notification of Publication of Nagambadom DTP Scheme Zoning Regulation Draft under Section 50 (1) of the Kerala Town and Country Planning Act—2016.

It is hereby notified that the Draft Nagambadom DTP Scheme zoning regulation Kottayam Town approved by the Municipal Council of Kottayam has been published in the office/website www.kottayammunicipalitiy.lsgkerala.go.in. as per Section 46 (2) of the Town & Country Planning Act 2016.

A Copy of the Draft Nagambadom DTP Scheme zoning regulations is also kept for inspection by the public during office hours at the office of the Kottayam Municipality and Zonal Offices.

Any person interested in the plan may communicate in writing to the Secretary, Kottayam Municipality any objection or suggestion relating thereto within sixty days from the date of the publication of Notice in the Official Gazette.

(Sd.)
Kottayam. *Municipal Secretary.*

## KOTTAYAM MUNICIPALITY

### NOTIFICATION

No. ....................... *Dated Thiruvananthapuram.........2021.*

In exercise of the powers conferred by subsection (1) of section 50 of the Kerala Town and Country Planning Act, 2016, Kottayam Municipality, hereby, further vary the Detailed Town Planning Scheme for Nagampadom Area in Kottayam Town sanctioned as per G.O. (MS) No. 55/87 dated 24-2-1987 and published as S.R.O. No. 459/87 and deemed to be a Detailed Town Planning Scheme under clause (ii) of sub-section (2) of section 113 of the Kerala Town & Country Planning Act, 2016 (9 of 2016), to the extent as indicated below, namely:—



Salim A
Digitally signed by Salim A
Date: 2021.09.20 19:31:14 +05'30'